"ഭരണഭാഷ - മാതൃഭാഷ"

നം:-Y1/14711/2024/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 22-07-2024
ഇമെയിൽ-supdty.dge@kerala.gov.in

---

# സർക്കുലർ

---

വിഷയം:- പൊതുവിദ്യാഭ്യാസം-2024 വർഷത്തെ സയൻസ് സെമിനാർ മത്സരം- സംബന്ധിച്ച്

സൂചന :- 1. വി.ഐ.റ്റി.എം. ഡയറക്ടറുടെ 27/06/2024 തീയതിയിലെ വി.എം.24(18)/ഇ.ഡി.ഇ.എക്സ്.റ്റി./എൻ.എസ്.എസ്-2024 നമ്പർ കത്ത്

സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ഗവൺമെന്റ് അംഗീകൃത അൺ എയ്ഡഡ് മേഖലയിലെ ഹൈസ്കൂൾ (8 മുതൽ 10-ാം ക്ലാസ്സുവരെ) വിദ്യാർത്ഥികൾക്കായി നടത്തുന്ന മത്സരമാണ് സയൻസ് സെമിനാർ. 2024-ലെ ദേശീയ സയൻസ് സെമിനാറിന്റെ മത്സരത്തിനായി **ആർട്ടിഫിഷ്യൽ ഇന്റെലിജൻസിന്റെ സാധ്യതകളും ആശങ്കകളും**(Artificial Intelligence-Potentials and Concerns) എന്ന വിഷയമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ വർഷത്തെ ദേശീയ സയൻസ് സെമിനാർ മത്സരം 2024 നവംബർ 20-ാം തീയതി മുംബൈയിൽ സ്ഥിതി ചെയ്യുന്ന നെഹ്റു സയൻസ് സെന്ററിൽ വച്ച് നടത്തുമെന്നും സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്.അതിന്റെ മുന്നോടിയായി 2024 സെപ്റ്റംബർ 30-നകം സ്കൂൾ,സബ് ജില്ല,റെവന്യൂ ജില്ല,സംസ്ഥാനം എന്നീ തലങ്ങളിലെ മത്സരങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

**എ) സയൻസ് സെമിനാറിന്റെ ഉദ്ദേശം**

1. വിദ്യാർത്ഥികളുടെ മനസ്സിൽ ശാസ്ത്രീയ അന്വേഷണത്തിന്റെയും വിശകലന ചിന്തയുടെയും മനോഭാവം വളർത്തിയെടുക്കുക.

2. വളർന്നുവരുന്ന യുവ ശാസ്ത്രജ്ഞർക്ക് ആശയങ്ങൾ കൈമാറുന്നതിന് ഒരു പൊതുവേദി നൽകുക.

3. രാജ്യത്തിന്റെ എല്ലാ കോണുകളിൽനിന്നുമുള്ള യുവ പ്രതിഭകൾക്കിടയിൽ ദേശീയ ഉദ്ഗ്രഥനത്തിൻറെ വികാരം വളർത്തിയെടുക്കൽ.

**ബി) സയൻസ് സെമിനാറിന്റെ അവതരണം സംബന്ധിച്ച്**

സെമിനാർ അവതരണത്തിന് മുന്നോടിയായി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അര മാർക്കിന്റെ 20 ഒബ്ജക്റ്റീവ് ചോദ്യങ്ങൾ അടങ്ങിയ അഭിരുചി പരീക്ഷ നടത്തണം.അതിനു ശേഷം മത്സരാർത്ഥി വിഷയത്തിൽ അവതരണം നടത്തുകയും 6 മിനിട്ടിനുള്ളിൽ

അവതരണം പൂർത്തീകരിക്കുകയും വേണം. അതിനുശേഷം 2 മിനിട്ട് സമയത്തിനുള്ളിൽ മത്സരാർത്ഥികൾ അവതരിപ്പിച്ചിട്ടുള്ള വിഷയത്തിൽ വിധികർത്താക്കൾ ചോദ്യങ്ങൾ ചോദിക്കുന്നതായിരിക്കും. 3 ചോദ്യങ്ങൾ വീതമായിരിക്കും വിധി കർത്താക്കൾ ഉന്നയിക്കുന്നത്. രണ്ട് മിനിട്ട് സമയത്തിനുള്ളിൽ മത്സരാർത്ഥികൾ 2 ചോദ്യങ്ങൾക്ക് മറുപടി നൽകിയിരിക്കുകയും വേണം.

**സി) സയൻസ് സെമിനാറിൽ അവതരണത്തിനുള്ള ഭാഷ**

സയൻസ് സെമിനാറിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി അല്ലെങ്കിൽ അംഗീകൃത ഇന്ത്യൻ ഭാഷകൾ അവതരണത്തിനായി ഉപയോഗിക്കാവുന്നതാണ്.

**ഡി) സയൻസ് സെമിനാറിൽ അവതരണത്തിൽ സമർപ്പിക്കേണ്ട ദൃശ്യങ്ങളെ സംബന്ധിച്ച്**

പോസ്റ്ററുകൾ, ചാർട്ടുകൾ, കമ്പ്യൂട്ടർ അധിഷ്ഠിത 5 സ്ലൈഡുകൾ ( (MS Office 2018 or Lower in .ppsx, pptx, .ppt, pps Format)) എന്നിവ മാത്രം സെമിനാറിന്റെ അവതരണ സമയത്ത് പ്രദർശിപ്പിക്കാവുന്നതാണ്. 3 ഉ മോഡലുകൾ, ആനിമേഷൻ, വീഡിയോസ്, സിനിമ, പിന്നെ Pop-ups Rollovers എന്നിവ അനുവദനീയമല്ല.

**ഇ) യോഗ്യത**

8-ാം ക്ലാസ്സ് മുതൽ 10-ാം വരെയുള്ള വിദ്യാർത്ഥികൾക്കാണ് സയൻസ് സെമിനാറിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. സംസ്ഥാനതല സയൻസ് സെമിനാറിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന വിദ്യാർത്ഥിക്കാണ് മുംബൈയിൽ നടക്കുന്ന ദേശീയ സയൻസ് സെമിനാറിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.

**എഫ്) ഗ്രേഡിംഗ് സൂചകങ്ങൾ**

1. മത്സരാർത്ഥികളുടെ അവതരണത്തിലെ ശാസ്ത്ര ഉള്ളടക്കം - 40 മാർക്ക്
2. അവതരണത്തിലെ ദൃശ്യങ്ങളുടെ ഉപയോഗത്തിന്റെ പുതുമ - 15 മാർക്ക്
3. അവതരണത്തിലെ അക്ഷര സ്പടതയ്ക്ക് - 25 മാർക്ക്
4. ഉത്തരങ്ങൾ പറയുന്നതിലെ വൈദഗ്ധ്യം

എ) രേഖാമൂലമുള്ള അഭിരുചി - 10 മാർക്ക്

ബി) വാക്കാലുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം - 10 മാർക്ക്

**ആകെ - 100 മാർക്ക്**

മേൽ മാനദണ്ഡങ്ങൾ പ്രകാരമാണ് സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സരങ്ങൾ നടത്തേണ്ടത്. സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സരങ്ങൾ നടത്തുന്നതിനുള്ള തീയതികൾ ചുവടെ ചേർക്കുന്നു.

സ്കൂൾതലം : 2024 ഓഗസ്റ്റ് 16 നകം

ഉപജില്ലാതലം : 2024 ഓഗസ്റ്റ് 27 നകം

റവന്യൂ ജില്ലാതലം : 2024 സെപ്റ്റംബർ 03 നകം

സയൻസ് ക്ലബ്ബ് സബ് ജില്ല/ജില്ലാ സെക്രട്ടറിമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുമായി കൂടിയാലോചിച്ച് മത്സര നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. റവന്യൂ ജില്ലാതല മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനക്കാരായ വിദ്യാർത്ഥികളുടെ പേര്, ക്ലാസ്സ്, സ്കൂൾ, അവതരണ ഭാഷ, രക്ഷകർത്താവിന്റെ

മൊബൈൽ നമ്പർ എന്നിവ 2024 സെപ്റ്റംബർ 04നകം,supdty.dge@kerala.gov.in എന്ന email അഡ്രസ്സിൽ അയച്ചു തരേണ്ടതാണ്.സംസ്ഥാന സയൻസ് സെമിനാറിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

Signed by
Santhosh C A
Date: 22-07-2024 22:13:35

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2.എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3.എല്ലാ പ്രഥമാദ്ധ്യാപകർക്കും(ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
4.സയൻസ് സ്റ്റേറ്റ് സെക്രട്ടറി
5.എല്ലാ ശാസ്ത്ര വിഭാഗം റവന്യൂ ജില്ലാ സെക്രട്ടറിമാർക്കും.
6.എല്ലാ ശാസ്ത്ര വിഭാഗം ഉപജില്ലാ സെക്രട്ടറിമാർക്കും
7.മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)